# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 948 09.08.2017 -ൽ മറുപടിക്ക്

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ആധുനികവത്കരണം</u>**

| ചോദ്യം<br>ശ്രീ റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ആധുനികവത്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ ആധുനിക വൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷ-കരുടെ വിവരം digitise ചെയ്ത് e employment exchange എന്ന ഓൺലൈൻ പോർട്ടൽ മുഖേന 03-05-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക |

| | | | | |
|---|---|---|---|---|
| | | | | എന്ന ലക്ഷ്യത്തോടുകൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. 2017-18 പദ്ധതി കാലയളവിന്റെ അവസാനത്തോടെ പ്രസ്തുത പദ്ധതി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>സ്വകാര്യ മേഖലയിൽ ലഭ്യമായ തൊഴിലവസരങ്ങൾ യഥാസമയം തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിലേക്കായി e-employment exchange എന്ന ഓൺലൈൻ സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ കൂടി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തൊഴിലന്വേഷകർക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽമേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകളും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി എംപ്ലോയബിലിറ്റി സെന്ററുകളും പ്രവർത്തിച്ചുവരുകയാണ്. |

| | | | |
|---|---|---|---|
| ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈനായി പേർ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 03-05-2017 ന് ബഹു.കേരള തൊഴിലും എക്സൈസും വകുപ്പ് മന്ത്രി നിർവഹിക്കുകയുമുണ്ടായി. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ, പുതുക്കൽ, അഡിഷൻ രജിസ്ട്രേഷൻ, ട്രാൻസ്ഫർ ഉൾപ്പെടെയുള്ള എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും എപ്പോഴും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ